## ഓട്ടോ ഡ്രൈവറുടെ വീട്ടിൽ നിന്ന് 18 കുപ്പി മദ്യം പിടികൂടി

ശ്രീകണ്ഠപുരം: ഓട്ടോ ഡ്രൈവറുടെ വീട്ടിൽ നിന്നും അനധികൃത വിൽപ്പനക്കായി സൂക്ഷിച്ച 18 കുപ്പി വിദേശമദ്യം ശ്രീകണ്ഠപുരം എക്സൈസ് സംഘം പിടിച്ചെടുത്തു. ശ്രീകണ്ഠപുരത്ത് ഓട്ടോ ഡ്രൈവർ നിടിയേങ്ങയിലെ അയനത്ത് കുറ്റിയാട്ട് വീട്ടിൽ ഉണ്ണികൃഷ്ണ (44)ന്റെ വീട്ടിൽ നിന്നാണ് മദ്യം പിടികൂടിയത്. ഓടി രക്ഷപ്പെട്ട ഉണ്ണികൃഷ്ണനെതിരെ കേസെടുത്തു. ഏറെക്കാലമായി മദ്യ വിൽപ്പന നടത്തുന്ന ഇയാൾക്കെതിരെ പലതവണ പോലീസും എക്സൈസും കേസെടുത്തിരുന്നു. രഹസ്യ വിവരത്തെ തുടർന്ന് ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ പി.പി. ജനാർദനന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പ്രിവന്റീവ് ഓഫീസർമാരായ പി.വി. നാരായണൻ, കെ.ജി. മുരളിദാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ എം. വി. അഷ്റഫ്, പി. വി. പ്രകാശൻ, ടി.ഒ. വിനോദ്, എം. വി. പ്രദീപൻ, ടി. വി. മധു, വനിതാ സിവിൽ എക്സൈസ് ഓഫീസർ നിമിഷ, ഡ്രൈവർ കേശവൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

## മുൻ ക്ഷേത്ര ഭാരവാഹിക്ക് എതിരെ കേസ്

പരിയാരം: മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പരിയാരം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ പേരിൽ അനധികൃത കമ്മിറ്റി രൂപീകരിച്ച് പണപ്പിരിവ് നടത്തി വഞ്ചന കാട്ടിയെന്നതിന് മുൻ ക്ഷേത്ര ഭാരവാഹിക്കെതിരെ കേസ്. പരിയാരത്തെ എം.പി. പത്മനാഭനെതിരെയാണ് പോലീസ് കേസെടുത്തത്. ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ പരാതിയിൻമേലാണ് കേസ്. ദേവസ്വം ബോർഡ് കാസർക്കോട് ഏരിയാ കമ്മിറ്റിക്ക് കീഴിലുള്ളതാണ് ക്ഷേത്രം. ക്ഷേത്രത്തിന്റെ മുൻ ട്രസ്റ്റി ബോർഡ് ചെയർമാനാണ് പത്മനാഭൻ. അസി. കമ്മീഷണറുടെ ഓഡിറ്റിങ്ങിലാണ് പണം തിരിമറി കണ്ടെത്തിയതെന്ന് പരാതിയിൽ പറയുന്നു.

കെ.എൽ.മോഹനവർമ്മ എസ്.രമേശൻ നായർ ആര്യാ ഗോപി

## മലയാള ഭാഷാ പാഠശാല പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കണ്ണൂർ: പയ്യന്നൂർ മലയാള ഭാഷാ പാഠശാല വ്യത്യസ്ത മേഖലകളിലെ പ്രമുഖർക്ക് നൽകുന്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഒ.ചന്തുമേനോൻ നോവൽ പുരസ്കാരം കെ.എൽ.മോഹനവർമ്മയ്ക്കും സഞ്ജയൻ കവിതാ പുരസ്കാരം എസ്.രമേശൻ നായർക്കും യുവപ്രതിഭാ കവിതാ പുരസ്കാരം ആര്യാ ഗോപിക്കും നൽകും. ഏച്ചൂർ നളന്ദ കോളേജ് വാർഷികാഘോഷത്തിന്റെ ഭാഗമായി 8ന് രാവിലെ 9.30ന് നടക്കുന്ന സാംസ്കാരിക സദസിൽ നോവലിസ്റ്റ് പി.വത്സല പുരസ്കാരങ്ങൾ സമ്മാനിക്കും. കവി പി.കെ. ഗോപി മുഖ്യാതിഥിയാകും. 15,001 രൂപയും ദാമോദരൻ വെള്ളോറ രൂപകൽപന ചെയ്ത ശിൽപവുമാണ് പുരസ്കാരമായി നൽകുന്നതെന്ന് മലയാള ഭാഷാ പാഠശാല ഡയറക്ടർ ടി. പി.ഭാസ്കരപൊതുവാൾ പത്രസമ്മേളനത്തിൽ പറഞ്ഞു. ടി.എം. ഹരീഷ്കുമാർ, സി.പി.രത്നകുമാർ, ദാമോദരൻ വെള്ളോറ, മനോഹരൻ വെങ്ങര പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

## സ്ത്രീയെ വീട്ടിൽ കയറി മർദിച്ചു; ഒരാൾ അറസ്റ്റിൽ

പഴയങ്ങാടി: മാട്ടൂൽ സൗത്ത് ഗ്രാമീണ വായനശാലക്ക് സമീപം കെ. കെ. റഷീദ (45)യെ വീട്ടിൽ കയറി മർദിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. നാട്ടുകാരനായ ഷുഹൈബ(27)ണ് അറസ്റ്റിലായത്. ഇയാളുടെ ജ്യേഷ്ഠൻ അജീറും (32) കേസിൽ പ്രതിയാണ്. മിനിഞ്ഞാന്ന് രാത്രി പത്തരയോടെയാണത്രെ അക്രമം. സാമ്പത്തിക ഇടപാട് സംബന്ധിച്ച തർക്കമാണ് അക്രമത്തിന് കാരണമെന്ന് പറയുന്നു.

*ഇസ്മായിലിന്റെ ഓട്ടോയുടെ വുഡ് കുത്തിക്കീറിയ നിലയിൽ.*

## വീട്ടുമുറ്റത്ത് നിർത്തിയിട്ട ഓട്ടോക്ക് നേരെ അക്രമം

നടുവിൽ: വീട്ടുമുറ്റത്ത് നിർത്തിയിട്ട ഓട്ടോറിക്ഷയുടെ വുഡ് സാമൂഹ്യവിരുദ്ധർ കുത്തിക്കീറി നശിപ്പിച്ചു. നടുവിൽ ജുമാമസ്ജിദിന് സമീപത്തെ കെ.പി. ഇസ്മായിലിന്റെ കെ.എൽ. 59 സി. 7867 ഓട്ടോറിക്ഷക്ക് നേരെയാണ് കഴിഞ്ഞ ദിവസം രാത്രി അക്രമം നടന്നത്. റിക്ഷയുടെ വുഡ് ആയുധം ഉപയോഗിച്ച് കുത്തിക്കീറിയ നിലയിലാണ്. വീട്ടിലുണ്ടായിരുന്നവർ പള്ളിയിൽ പോയ സമയത്താണ് സംഭവം. രാഷ്ട്രീയ വിരോധമാണ് സംഭവത്തിന് പിന്നിലെന്ന് സംശയിക്കുന്നു. മുസ്ലിംലീഗ് വിട്ട് സി.പി.എമ്മിൽ ചേർന്ന മുൻ യൂത്ത് ലീഗ് നേതാവ് മൂസാൻകുട്ടി നടുവിലിന്റെ അനുയായിയാണ് ഇസ്മയിൽ. മൂസാൻകുട്ടിക്കൊപ്പം ഇസ്മായിലും ലീഗ് വിട്ട് സി.പി.എമ്മിൽ ചേർന്നിരുന്നു.


ഡോ. ശ്രീവൽസ് മേനോൻ MD
അലർജി, ആസ്ത്മ
ജീവിത ശൈലി രോഗങ്ങൾ
ഡോ. പ്രശാന്ത് ME
ഗ്യാസ്ട്രോ, പൈൽസ്
ആർ.എം. ഹോമിയോപ്പതി
തളിപ്പറമ്പ ബ്രാഞ്ചിൽ
2017 ഡിസംബർ 2 ശനിയാഴ്ച
പരിശോധന ഉണ്ടായിരിക്കുന്നതാണ്.
പരിശോധന സമയം
3 മണി മുതൽ
വൈകുന്നേരം 6 മണി വരെ
RM ഹോമിയോപ്പതി
മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോപ്പതി ക്ലിനിക്
ന്യൂ ബസാർ റോഡ്, നാഷണൽ ഹൈവെ,
ഇൻസൈറ്റ് ട്രാവൽസിനു സമീപം, തളിപ്പറമ്പ്
ബുക്കിംഗിന് ബന്ധപ്പെടുക
9605 11 22 00, 04602 20 91 91
രാമനാട്ടുകര, സുൽത്താൻ ബത്തേരി, പന്നിയങ്കാവ്, ഫറോക്ക്, മഞ്ചേരി, പെരിന്തൽമണ്ണ, പെരുമ്പാവൂർ


### ട്രാഫിക് നിയന്ത്രണത്തിൽ നിന്നും പോലീസ് പിൻമാറി

# തളിപ്പറമ്പ് നഗരത്തിൽ കൈയ്യൂക്കുള്ളവർക്ക് മാത്രം രക്ഷ

തളിപ്പറമ്പ: നാല് കോടി രൂപ ചിലവിട്ട് ദേശീയപാത നാല് വരിയാക്കുകയും പാതയോരം മണ്ണിട്ട് നികത്തി മനോഹരമാക്കുകയും ചെയ്ത തളിപ്പറമ്പിൽ ഗതാഗത നിയന്ത്രണം ഉൾപ്പെടെ കൈയ്യൂക്കുള്ളവരുടെ കൈകളിലായി. ഗതാഗത നിയന്ത്രണത്തിൽ നിന്ന് പോലീസ് പിൻവാങ്ങിയതും ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങി പാതയോരം കച്ചവടത്തിന് കൂട്ടു നിൽക്കുകയും ചെയ്തതോടെ നഗരം അക്ഷരാർത്ഥത്തിൽ ശ്വാസം മുട്ടുകയാണ്. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥയാണ് തളിപ്പറമ്പിൽ ഇപ്പോഴുള്ളത്. ചിറവക്ക് മുതൽ പൂക്കോത്ത് നടവരെ ഉണ്ടായിരുന്ന രാഷ്ട്രീയ പാർട്ടികളുടെ കൊടിമരവും മുൻ പ്രധാനമന്ത്രിയുടെതുൾപ്പെടെയുള്ള വരുടെ സ്തൂപവും പരസ്യ ബോർഡുകളും ഇലക്ട്രിക് പോസ്റ്റും മാറ്റിയാണ് ദേശീയപാത വികസിപ്പിച്ചത്. ജനപ്രതിനിധികളും നഗരസഭയും മാധ്യമ പ്രവർത്തകരും പോലീസും കൈകോർത്തപ്പോഴാണ് അത്ഭുതകരമായ മാറ്റം ഉണ്ടായത്. ഇങ്ങനെ ഒഴിപ്പിച്ച സ്ഥലത്ത് ശാസ്ത്രീയമായി വാഹന പാർക്കിംഗ് ക്രമീകരിച്ചിരുന്നു. ഈ സ്ഥലം ഇപ്പോൾ വൻകിട മൊബൈൽ ഫോൺ കമ്പനികളും വാഹന വിൽപ്പന ഡീലർമാരും പന്തൽ കെട്ടി കച്ചവടത്തിന് ഉപയോഗിക്കുകയാണ്. ഇവരിൽ പോലീസ് ഉൾപ്പെടെ മാസപ്പടി വാങ്ങുന്നതാണ് നിരവധി പരാതികൾ ഉയർന്നിട്ടും ഒഴിപ്പിക്കാത്തതിന് കാരണമായി പറയുന്നത്. നാലുവരിപാതയിൽ ഇപ്പോൾ തലങ്ങും വിലങ്ങും സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുകയാണ്. പാതയോരം കൈയ്യൂക്കുള്ളവർ കയ്യേറി ബോർഡുകൾ സ്ഥാപിച്ചാണ് അവകാശം സ്ഥാപിച്ചെടുക്കുന്നത്. മുമ്പ് ഒരു ട്രാഫിക്ക് എസ്.ഐയുടെ നേതൃത്വത്തിൽ മുഴുവൻ സമയവും പോലീസ് നഗരത്തിൽ ചുറ്റിക്കറങ്ങാറുണ്ടായിരുന്നു. ദിശതെറ്റി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ നഗരത്തിൽ മഷിയിട്ട് നോക്കിയാൽ പോലും പോലീസിനെ കാണാനില്ല. കാക്കാത്തോട് റോഡ് വൺവേയാക്കുകയും മലയോര ബസുകൾ ഇതുവഴി സർവ്വീസ് നടത്തുകയും ചെയ്യുമ്പോഴും ഇവിടെ ഒരു പോലീസുകാരനെ പോലും ഡ്യൂട്ടിക്ക് നിയോഗിക്കാൻ കഴിയുന്നില്ല. ട്രാഫിക്കിന് എസ്.ഐയും വണ്ടിയുമില്ല. ഉള്ള ഹോംഗാർഡുകളെ മറ്റ് ജോലിക്കായി ഉപയോഗിക്കുകയാണ്. ബസുകൾ ഉപേക്ഷിച്ച മാർക്കറ്റ് റോഡിൽ രാവിലെ മുതൽ കച്ചവടം തകൃതിയായി നടക്കുകയാണ്. കാൽനട യാത്ര പോലും ദുഷ്ക്കരമായി മാറി. നഗര ഹൃദയത്തിൽ ആർക്കും പന്തൽ കെട്ടിയും വാഹനത്തിൽ കൊണ്ടുവന്നും അനധികൃത കച്ചവടം ചെയ്യാം. വൈകീട്ട് കാണേണ്ടവരെ കണ്ടാൽ മതി. പട്ടാപകൽ പോലും മദ്യപസംഘം നഗരം കീഴടക്കി. ഇന്നലെ ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ സർവ്വകക്ഷി അനുശോചന യോഗം നടന്നുകൊണ്ടിരിക്കെ ടൗൺ സ്കയറിൽ സാമൂഹ്യവിരുദ്ധർ രണ്ട് തവണയാണ് ഏറ്റുമുട്ടിയത്. പോലീസ് എയ്ഡ് പോസ്റ്റിൽ നിന്നും പത്ത് വാരയകലെയാണ് പരസ്പരം അടി നടന്നത്. ആരും ഇവരെ തടയാനോ പിടിച്ച് കൊണ്ടു പോകാനോ ഉണ്ടായിരുന്നില്ല. സന്ധ്യ കഴിഞ്ഞാൽ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടമാണ് അക്ഷരാർത്ഥത്തിൽ നഗരം സാമൂഹ്യവിരുദ്ധരുടെയും കൈയ്യൂക്കുള്ളവന്റെയും കൈകളിൽ അകപ്പെട്ടിരിക്കുകയാണ്.

# ടാപ്പിംഗ് തൊഴിലാളിക്ക് വെടിയേറ്റ സംഭവം: പോലീസ് സ്വമേധയാ കേസെടുത്തു; രണ്ടുപേർ കൂടി പ്രതികളായേക്കും

ശ്രീകണ്ഠപുരം: ചെങ്ങളായി ചേരൻകുന്നിൽ ടാപ്പിംഗ് തൊഴിലാളിക്ക് ദുരൂഹസാഹചര്യത്തിൽ വെടിയേറ്റ സംഭവത്തിൽ പോലീസ് സ്വമേധയാ കേസെടുത്തു. വെടിയേറ്റ മറ്റത്തിൽ സജി (45) പരിയാരം മെഡി. കോളേജിൽ തീവ്രപരിചരണത്തിൽ ചികിത്സയിലാണ്. ഇന്നലെ ഇയാളുടെ മൊഴി രേഖപ്പെടുത്താൻ പോലീസ് ആശുപത്രിയിലെത്തിയെങ്കിലും അതിനായില്ല. ഈ സാഹചര്യത്തിലാണ് പോലീസ് സ്വമേധയാ കേസെടുത്തത്. അനധികൃതമായി ആയുധം കൈവശം വച്ചതിനും ഉപയോഗിച്ചതിനുമാണ് സജിയെ പ്രതി ചേർത്ത് കേസെടുത്തത്. തോക്കിൽ തിരനിറയ്ക്കുന്നതിനിടെ അബദ്ധത്തിൽ വെടിയേറ്റതാണെന്നാണ് സജി ആശുപത്രിയിൽ പറഞ്ഞിരുന്നത്. എന്നാൽ ഈ പ്രദേശത്ത് നായാട്ട് പതിവാണെന്ന് നാട്ടുകാർ പോലീസിൽ വിവരം നൽകിയിട്ടുണ്ട്. സജിക്ക് വെടിയേൽക്കുന്നതിന് മുമ്പ് രാത്രിയിൽ ഇയാൾ മറ്റ് രണ്ടു പേർക്കൊപ്പം പരിസരത്ത് കറങ്ങി നടക്കുന്നത് നാട്ടുകാരുടെ ശ്രദ്ധയിൽപെട്ടിരുന്നത്രെ. ഇവർ ആരാണെന്ന് പോലീസ് അന്വേഷിക്കുന്നുണ്ട്. സജിയെ ആശുപത്രിയിലെത്തിച്ച ഇവർ പിന്നീട് മുങ്ങുകയായിരുന്നത്രെ.

തോക്ക് ഇതേവരെ കണ്ടെത്താനാകാത്തതും ദുരൂഹത വർധിപ്പിക്കുന്നുണ്ട്. സജിക്ക് കൂട്ടാളികളിൽ നിന്ന് വെടിയേൽക്കാനുള്ള സാധ്യത പോലീസ് തള്ളിക്കളയുന്നില്ല. തോക്ക് ഇവർ ഒളിപ്പിച്ചതാകാമെന്നാണ് നിഗമനം. സി.ഐ വി.വി. ലതീഷിന്റെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച അന്വേഷണം ഊർജിതമാക്കി.

## എസ്.ഐയുടെ ഡ്യൂട്ടി തടയാൻ ശ്രമം; 20 പേർക്കെതിരെ കേസ്

കുടിയാൻമല: വാഹന പരിശോധന നടത്തുകയായിരുന്ന എസ്.ഐയുടെ ഔദ്യോഗിക കൃത്യനിർവഹണം തടയാൻ ശ്രമിച്ചതിന് 20 പേർക്കെതിരെ പോലീസ് കേസെടുത്തു. നടുവിൽ ടൗണിൽ ഇന്നലെ രാവിലെയാണ് സംഭവം. കുടിയാൻമല എസ്.ഐ പി.ആർ. മനോജിന്റെ നേതൃത്വത്തിൽ വാഹനങ്ങൾ പരിശോധിക്കുന്നതിനിടെ ഒരു സംഘം ആളുകൾ ചേർന്ന് എസ്.ഐയെ തടയാൻ ശ്രമിക്കുകയായിരുന്നു. ഹെൽമറ്റ് ഇല്ലാതെ ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യുവാക്കളെ പോലീസ് പിടികൂടിയിരുന്നു. ഇത് ചോദ്യം ചെയ്തതാണ് സംഘം ചേർന്ന് ഒരു വിഭാഗം പോലീസിനെതിരെ രംഗത്തുവന്നത്. നടുവിൽ മേഖലയിലെ കണ്ടാലറിയാവുന്ന 20ഓളം പേർക്കെതിരെയാണ് പോലീസ് കേസെടുത്തത്.

# എതിർപ്പുമായി നാട്ടുകാർ; പ്ലാസ്റ്റിക് മാലിന്യ സംഭരണ പ്ലാന്റിന് സ്ഥലം കിട്ടുന്നില്ല, ഫണ്ട് നഷ്ടപ്പെടുമെന്ന് ആശങ്ക

ആലക്കോട്: പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണം ലക്ഷ്യമിട്ടുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആലക്കോട് പഞ്ചായത്തിന്റെ പദ്ധതി അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനെ തുടർന്ന് വൈകുന്നു. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നാട്ടുകാർക്കുള്ള എതിർപ്പിനെ തുടർന്നാണ് പദ്ധതി പാതിവഴിയിലായിരിക്കുന്നത്. കേരള ശുചിത്വമിഷന്റെ 30 ലക്ഷത്തോളം രൂപയുടെ ഫണ്ട് ഉപയോഗിച്ചാണ് പഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ സംഭരണ പ്ലാന്റ് പദ്ധതിക്ക് രൂപം നൽകിയത്. ഒരു ഏക്കർ സ്ഥലം വാങ്ങി പ്ലാന്റ് സ്ഥാപിച്ച് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടെ സംഭരിച്ച്, പിന്നീട് മാലിന്യങ്ങൾ ഇവിടെ നിന്ന് സംസ്കരണ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതാണ് പദ്ധതിയെന്നും യാതൊരു വിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും പദ്ധതി മൂലം ഉണ്ടാകില്ലെന്നുമാണ് പഞ്ചായത്തിന്റെ വിശദീകരണം. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങൾ അധികൃതർ പരിശോധിച്ചുവെങ്കിലും അവിടെയെല്ലാം പരിസരവാസികൾ ശക്തമായ എതിർപ്പുയർത്തി രംഗത്ത് വന്നതാണ് സ്ഥലം ലഭിക്കുന്നതിന് തിരിച്ചടിയായിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ സംഭരണ പ്ലാന്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നാണ് നാട്ടുകാരുടെ വാദം. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉൾപ്പെട സബ് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും പ്ലാന്റുമായി ബന്ധപ്പെട്ടുള്ള നാട്ടുകാരുടെ ആശങ്ക പരിഹരിക്കുന്നതിൽ ഇതുവരെ വിജയിച്ചിട്ടില്ല. പഞ്ചായത്ത് പരിഗണിച്ച എല്ലാ സ്ഥലങ്ങളിലും നാട്ടുകാർ എതിർപ്പ് ഉയർത്തുന്നുണ്ട്. ഡിസംബർ 31നുള്ളിൽ അനുയോജ്യമായ സ്ഥലം ലഭിച്ചില്ലെങ്കിൽ ശുചിത്വമിഷൻ ആലക്കോട് പഞ്ചായത്തിന് അനുവദിച്ച ഫണ്ട് നഷ്ടപ്പെടുമെന്ന സ്ഥിതിയാണ് ഉടലെടുത്തിരിക്കുന്നത്. ഇതോടെ സ്ഥലം കണ്ടെത്തുന്നതിനുള്ള നെട്ടോട്ടത്തിലാണ് പഞ്ചായത്ത് അധികൃതർ.

# കെ.ടി.ജയകൃഷ്ണന്റെ മരണവാറണ്ടിൽ ഒപ്പിട്ട നേതാവ് ഇപ്പോൾ പാർട്ടിക്കകത്ത് വിചാരണ നേരിടുന്നു: എം.ടി.രമേശ്

കണ്ണൂർ: കെ.ടി.ജയകൃഷ്ണൻ മാസ്റ്ററുടെ മരണ വാറണ്ടിലൊപ്പിട്ട സി.പി.എം നേതാവ് ഇപ്പോൾ പാർട്ടിക്കകത്ത് വിചാരണ നേരിടുന്നതാണ് യഥാർത്ഥ ചരിത്രത്തിന്റെ വിധിനിയോഗമെന്ന് ബി.ജെ.പി സംസ്ഥാന ജന. സെക്രട്ടറി എം.ടി.രമേശ് അഭിപ്രായപ്പെട്ടു. കണ്ണൂരിൽ കെ.ടി.ജയകൃഷ്ണൻ ബലിദാന ദിനാചരണച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദേഹം.

ജീവിച്ചിരുന്ന ജയകൃഷ്ണൻ മാസ്റ്ററെക്കാൾ സി.പി.എമ്മിന് ഭീഷണി അദേഹത്തിന്റെ ഓർമ്മകളാണ്. ഓരോ കൊലപാതകത്തിനും സി.പി.എം ഉത്തരം പറയേണ്ടി വരും. ജയകൃഷ്ണൻ മാസ്റ്ററെ വധിക്കാൻ ആസൂത്രണ നിർദേശം നൽകിയ നേതാവിപ്പോൾ ആ പാർട്ടിക്കകത്ത് വിചാരണ ചെയ്യപ്പെടുകയാണ്. ഇനിയിപ്പോൾ ആ നേതാവ് എന്നാണ് പാർട്ടിക്ക് പുറത്താകുന്നതെന്ന് കണ്ടറിയണം. ഇതാണ് വിധിനിയോഗം എം. വി. രാഘവൻ സി. പി. എം നേതാവായിരുന്ന കാലത്ത് സംഘ പ്രസ്ഥാനങ്ങൾക്കെതിരെ അക്രമം നടത്തി ആഹ്ലാദിക്കുകയായിരുന്നു. സി. പി. എമ്മുകാർ നിരന്ന് നിന്ന് മൃത്രമൊഴിച്ചാൽ ഒലിച്ചുപോകുന്ന ആർ.എസ്.എസുകാർ മാത്രമാണ് കേരളത്തിലുള്ളതെന്ന് പറഞ്ഞ എം. വി.ആറിന് ഒടുവിൽ പാർട്ടിക്ക് പുറത്തുപോയി മൃത്രമൊഴിക്കാൻ ആർ.എസ്.എസുകാരന്റെ കാവൽ വേണ്ടിവന്നുവെന്നത് ചരിത്രമാണ്. ഇതേ ഗതിയാണ് സി.പി.എമ്മിന്റെ കണ്ണൂരിലെ പല നേതാക്കൾക്കും വരാനിരിക്കുന്നത് എന്ന് ഓർക്കുന്നത് നല്ലതാണ്-എം.ടി.രമേശ് ചൂണ്ടിക്കാട്ടി.

## ചരമം

**ലാസർ**

പൈസക്കരി: വണ്ണായിക്കടവിലെ കുരിശിങ്കൽ (വഞ്ചിയം) ലാസർ (85) നിര്യാതനായി. ഭാര്യ: തേർത്തല്ലി അപ്പശേരിയിൽ കുടുംബാംഗം ആലീസ്. മക്കൾ: അനീഷ്, അനിൽ (ഇരുവരും ബംഗ്ളൂരു). മരുമകൾ: ജിൻസി കൊല്ലമ്മാലിൽ (തിരുവല്ല).

**യശോദ**

ആലക്കോട്: കാർത്തികപുരം മാവുംതട്ടിലെ പുതുശേരി യശോദ (58) നിര്യാതയായി. മകൻ: മനു (ചുമട്ടുതൊഴിലാളി, കാർത്തികപുരം). മരുമകൾ: ഹരികൃഷ്ണ ഓർക്കയത്ത്. സഹോദരങ്ങൾ: നാരായണൻ (ഉത്തൂർ), കുമാരൻ (തോണ്ടിക്കുഴി).

**ഫാത്തിമ**

തളിപ്പറമ്പ: അള്ളാംകുളത്തെ സുബൈദാസിലെ കുട്ടുക്കൻ ഫാത്തിമ (90) നിര്യാതനായി. ഭർത്താവ്: പരേതനായ കുഞ്ഞിമൊയ്തീൻ. മക്കൾ: മുഹമ്മദ്കുഞ്ഞി മാസ്റ്റർ, ആലിഹാജി, മുഹമ്മദലി (ഇരുവരും ഹിജാസ് ഹാർഡ്വേർസ്, മന്ന) ഉമ്മർ മൗലവി, സുബൈദ, അബ്ദുറഹീം (എക്സ്പോമെറ്റൽസ്, ഹൈവേ), പരേതനായ അബ്ബുഹാജി. മരുമക്കൾ: ഫാത്തിമ, നഫീസ, ഫാത്തിമ, സുബൈദ, ആയിഷ, മായിൻ, നസീറ. സഹോദരങ്ങൾ: പരേതരായ മമ്മുഹാജി, ആലിഹാജി, ആയിശ ഹജ്ജുമ്മ, മറിയുമ്മ ഹജ്ജുമ്മ.


സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2740
പവന് :21920
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237


## കണ്ണൂരിൽ വെള്ളിയാഭരണ വ്യാപാരി മരിച്ചു

കണ്ണൂർ: താമസസ്ഥലത്ത് അവശനിലയിൽ കാണപ്പെട്ട കന്യാകുമാരി സ്വദേശി ആശുപത്രിയിൽ മരിച്ചു. രാജീവ് ഗാന്ധി റോഡിലെ കോർണർ ഹോട്ടൽ ബിൽഡിങ്ങിൽ താമസിച്ചുവന്ന കന്യാകുമാരി നാഗർകോവിൽ സ്വദേശി രമേശാ(42)ണ് മരിച്ചത്. കൊയിലി ആശുപത്രിയിലായിരുന്നു അന്ത്യം. ഇന്നലെ രാത്രി താമസസ്ഥലത്ത് ബന്ധുവായ മുരുമകനാണ് രമേശിനെ അവശനിലയിൽ കണ്ടത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. കണ്ണൂരിൽ വെള്ളി ആഭരണങ്ങളുടെ വിൽപ്പനക്കാരനാണ് രമേശ്. അസ്വാഭാവിക മരണത്തിന് കേസെടുത്ത ടൗൺ പോലീസ് മൃതദേഹം ജില്ല ആശുപത്രിയിലേക്ക് മാറ്റി.


അഭിനന്ദനങ്ങൾ

തളിപ്പറമ്പ് നോർത്ത് സബ്ജില്ലാതലത്തിൽ ഭരതനാട്യം, കുച്ചുപ്പുടി, നാടോടി നൃത്തം എന്നിവയിൽ ഫസ്റ്റ് എ ഗ്രേഡ്. കണ്ണൂർ റവന്യൂ ജില്ല കലോത്സവത്തിൽ നാടോടിനൃത്തത്തിൽ ഫസ്റ്റ് എ ഗ്രേഡ്, ഭരതനാട്യം, കുച്ചുപ്പുടി എന്നിവയിൽ തേഡ് എ ഗ്രേഡും കരസ്ഥമാക്കിയ ആദിത്യ സഹദേവൻ. പുഷ്പഗിരി സെന്റ് ജോസഫ് സ്കൂൾ ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

കലാമണ്ഡലം വിമലാദേവി ചിലങ്ക കലാക്ഷേത്രം), സതീഷ് രാമപുരം, ശിവൻ കീഴാറ്റൂർ എന്നിവരുടെ ശിഷ്യയാണ്.



CARSROYCE
CHALLENGING PROFESSIONALS
Nr. Cherukunnu Panchayath, Vellarangal
രണ്ടാമത്തെ ഷോറൂം
(APOLLO TYRES EXCLUSIVE SHOWROOM)
04-12-2017ന് രാവിലെ 10 മണിക്ക് പഞ്ചായത്ത് ഓഫീസിന് സമീപം (വെള്ളറങ്ങൽ) ഉദ്ഘാടനം ചെയ്യപ്പെടുന്നു.
ഈ ധന്യ മുഹൂർത്തത്തിൽ താങ്കളെ ക്ഷണിക്കുന്നു
ഉദ്ഘാടനം
തിങ്കളാഴ്ച
04-12-2017
ഉദ്ഘാടനം : ശ്രീ. ടി.വി. രാജേഷ്. എം.എൽ.എ
മുഖ്യാതിഥി : ശ്രീ. മഹമൂദ് അള്ളാംകുളം (ചെയർമാൻ, തളിപ്പറമ്പ് നഗരസഭ)
ആദ്യവിൽപ്പന : ശ്രീ. പി.കെ. അസ്സൻകുഞ്ഞി (പ്രസിഡണ്ട്, ചെറുകുന്ന് ഗ്രാമപഞ്ചായത്ത്)
ഞങ്ങളുടെ സേവനങ്ങൾ
• ടയറുകൾ ഹോൾസെയിൽ വിലയിൽ ലഭ്യമാണ് • കണ്ണൂർ ജില്ലയിലെ ആദ്യത്തെ 3D, HD Fastest (Hunter) വീൽ അലൈൻമെന്റ് സൗകര്യം • നാല് ടയർ മാറ്റുമ്പോൾ ഫ്രീ അലൈൻമെന്റ് • പരിചയസമ്പന്നരായ ടെക്നീഷ്യന്മാർ • വാഷിംഗ് & കോട്ടിംഗ് • കാർ ആക്സസറീസ് ഫിറ്റിംഗ് • ഗവൺമെന്റ് അംഗീകൃത വാഹനപുക പരിശോധന കേന്ദ്രം • പിക്ക് & ഡ്രോപ്പ് സർവ്വീസ്
ഫ്രീ മെക്കാനിക്കൽ സൗകര്യം
CARSROYCE
CHALLENGING PROFESSIONALS
Head Office: Sarvath Complex, National Highway, Taliparamba
Ph: 9995595157, 9846133262


Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 41 RNI Reg.No.KER MAL/2007/22043